# കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ

അയ്യങ്കാളി ഭവൻ, കനകനഗർ
വെള്ളയമ്പലം, തിരുവനന്തപുരം 3

3698

**സന്നിഹിതർ**

ശ്രീ. ബി.എസ്. മാവോജി,ഐ.എ.എസ് (റിട്ട) ചെയർമാൻ
ശ്രീ. എസ്. അജയകുമാർ. എക്സ്.എം.പി, (മെമ്പർ)
അഡ്വ. സിജ. പി.ജെ, (മെമ്പർ)

**നം. 6004/A4/2018/ALP/KSCSCST**

| | | |
|---|---|---|
| ഹർജികക്ഷി | : | സെക്രട്ടറി,<br>പേരെന്റ്സ് ഫോറം,<br>വി.വി.എച്ച്.എസ്.എസ്,<br>താമരക്കുളം, ആലപ്പുഴ. |
| എതിർകക്ഷി | : | റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,<br>ഹയർ സെക്കന്ററി വിദ്യാഭ്യാസം,<br>ചെങ്ങന്നൂർ, കോട്ടയം. |
| ഹർജി സംഗതി | : | അനധികൃതമായ ഫണ്ട് പിരിവും സ്കൂളിലെ പ്രവർത്തനങ്ങളും സംബന്ധിച്ച്. |

**ഉത്തരവ്**

**കമ്മീഷനുവേണ്ടി – ശ്രീ. എസ്. അജയകുമാർ. എക്സ്.എം.പി, (മെമ്പർ)**

ശ്രീ. മോഹൻകുമാർ ആണ് പരാതിക്കാരൻ. ടിയാൻ പേരെന്റ്സ് ഫോറം സെക്രട്ടറിയായിട്ടുള്ള വി.വി.എച്ച്.എസ്.എസിൽ കൃത്യമായി ക്ളാസ് നടക്കാറില്ലെന്നും ചട്ടം മറികടന്ന് പി.ടി.എ ഫണ്ട് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളിൽ നിന്ന് പോലും ഈടാക്കുന്നുവെന്നാണ് പരാതി.

ഇന്നേദിവസം ഹർജി വിചാരണ വേളയിൽ പരാതിക്കാരൻ ഹാജരില്ല. എതിർകക്ഷി ഹാജരായി റിപ്പോർട്ട് സമർപ്പിച്ചു. സ്ഥലപരിമിതി ഉള്ളതിനാൽ ക്ളാസ് ടെസ്റ്റ് നടത്തുന്നതിന് വേണ്ടി ചില +1, +2 ക്ളാസുകൾ നേരത്തെ വിടുന്നുണ്ടെന്നും അതൊഴിവാക്കുവാൻ മാർഗ്ഗം സ്വീകരിക്കുന്നതാണെന്നും, പി.ടി.എ ഫണ്ട് ഇളവോടു കൂടി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളോടും പിരിക്കാറുണ്ടെന്നുമാണ് റിപ്പോർട്ട്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളിൽ നിന്ന് പി.ടി.എ ഫണ്ട് പിരിവ് പാടില്ലെന്ന് നിർദ്ദേശം നൽകി ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

Scanned by CamScanner

കമ്മീഷൻ അദാലത്തിൽ 06.12.2018 ന് പുറപ്പെടുവിച്ചത്

(ഒപ്പ്)
ശ്രീ. ബി.എസ്. മാവോജി,ഐ.എ.എസ് (റിട്ട)
(ചെയർമാൻ)

(ഒപ്പ്)
ശ്രീ. എസ്. അജയകുമാർ, എക്സ്.എം.പി,
(മെമ്പർ)

ഹർജിഭാഗം ലക്ഷ്യരേഖ - സെക്രട്ടറി പേരെന്റ്സ് ഫോറം നൽകിയ പരാതി

എതിർകക്ഷിഭാഗം ലക്ഷ്യരേഖ - ഹയർ സെക്കന്ററി വിദ്യാഭ്യാസം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട്.

(ഒപ്പ്)
ശ്രീ. ബി.എസ്. മാവോജി,ഐ.എ.എസ് (റിട്ട)
(ചെയർമാൻ)

ഉത്തരവിൻ പ്രകാരം

രജിസ്ട്രാർ

പുറത്തെഴുത്ത് കത്ത് നം: ബി 5/7192/19/ഡി.ഡി.ഇ/തിരു/05/19

ബഹു. കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷന്റെ ഉത്തരവ് തിരിച്ചറിയുന്നതിനും തുടർന്നുള്ള നടപടികൾക്കുമായി അയയ്ക്കുന്നു.

സ്വീകർത്താക്കൾ

1) ജില്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക്.

Scanned by CamScanner